"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ത.സ്വ.ഭ.വ. – 2019-ലെ മഴക്കാല പൂർവ്വ ശുചീകരണ-പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കായി ശുചിത്വമിഷൻ വിഹിതമായ, ഗ്രാമപഞ്ചായത്ത് / നഗരസഭകൾക്ക് വാർഡ് ഒന്നിന് 10,000 രൂപയും, കോർപ്പറേഷൻ വാർഡ് ഒന്നിന് 20,000 രൂപയും തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതമായ 5,000 രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിസി) വകുപ്പ്**

G.O.(Rt)No.923/2019/LSGD തീയതി,തിരുവനന്തപുരം, 02/05/2019

---

പരാമർശം:- 1 ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 2.5.19-ലെ കുറിപ്പ്

2 2.5.2019-ലെ സർക്കുലർ നം.100/ഡി.സി1/2019/ത.സ്വ.ഭ.വ

<u>**ഉത്തരവ്**</u>

2019-ലെ മഴക്കാലപൂർവ്വ ശുചീകരണ-പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കായി സൂചന(2) സർക്കുലർ പ്രകാരം വാർഡ് ഒന്നിന് ചെലവഴിക്കാവുന്ന തുക ചുവടെ ചേർത്തിരിക്കും പ്രകാരമാണ്.

- ശുചിത്വമിഷൻ വിഹിതം ഗ്രാമപഞ്ചായത്ത് / നഗരസഭ - 10,000 രൂപ
- ശുചിത്വമിഷൻ വിഹിതം കോർപ്പറേഷൻ - 20,000 രൂപ
- എൻ.എച്ച്.എം. വിഹിതം - 10,000 രൂപ
- തനത് ഫണ്ട് - 5,000 രൂപ

2. ശുചിത്വമിഷൻ വിഹിതം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള കാലതാമസം കണക്കിലെടുത്ത് 2019-ലെ മഴക്കാലപൂർവ്വ ശുചീകരണ - പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ശുചിത്വമിഷൻ വിഹിതമായ, ഗ്രാമപഞ്ചായത്ത് / നഗരസഭകൾക്ക് വാർഡ് ഒന്നിന് 10,000 രൂപയും, കോർപ്പറേഷൻ വാർഡ് ഒന്നിന് 20,000 രൂപയും ചെലവഴിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥാഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇപ്രകാരം ചെലവഴിക്കുന്ന തുക 2019-20 വർഷത്തെ ശുചിത്വമിഷൻ വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് റീഇംബേഴ്സ് ചെയ്ത് നൽകുന്നതാണ്.

3. ഇതോടൊപ്പം മഴക്കാല പൂർവ്വ ശുചീകരണപ്രവർത്തനങ്ങൾക്കായി തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതമായ 5,000 രൂപ ചെലവഴിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SINDHU. L.
SPECIAL SECRETARY

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ നഗരസഭാ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും(ഗ്രാമവികസന കമ്മീഷണർ മുഖേന)

അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

ഓഫീസ് കോപ്പി / കരുതൽ ഫയൽ.

പകർപ്പ് :- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ സി.എ

തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.

തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ.

അണ്ടർ സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SMITHA B CHANDRA
Date: 2019.05.02 16:53:03 IST
Reason: Approved
സെക്ഷൻ ഓഫീസർ